DICEKM/11624/2022-A6

ജില്ലാ വ്യവസായ കേന്ദ്രം,
എറണാകുളം,കാക്കനാട്,
ഫോ: 2421432
തീയതി: 27/01/2025

**എറണാകുളം കളക്ടറേറ്റിൽ എ.ഡി.എം ന്റെ ചേമ്പറിൽ വച്ച് 24/01/2025 തീയതിയിൽ 2.30 പി.എം ന് നടത്തിയ DLEPC മീറ്റിംഗിന്റെ മിനിട്സ്**

ഹാജർ

| | | |
|---|---|---|
| 1 | വിനോദ് രാജ് ADM ജില്ലാ കളക്ടറേറ്റ്, എറണാകുളം | ഒപ്പ് |
| 2 | സിൻസിമോൾ ആന്റണി.കെ., മാനേജർ(ഇ.എ),ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം | ഒപ്പ് |
| 3 | രാജീവ്.എം.സി. FIEO Kerala | ഒപ്പ് |
| 4 | ലച്ചിതാമോൾ.യു.സി. AD MSME DFO Thrissur | ഒപ്പ് |
| 5 | ബെൻ ജോസഫ് Standard Promotion Officer BIS | ഒപ്പ് |
| 6 | ആർ.കുമാരി ശ്രീലേഖ FTDO | ഒപ്പ് |
| 7 | അജീഷ് ബാല്യ DDM Ernakulam | ഒപ്പ് |
| 8 | ആദിത്യ ഡിയോ KSSIA | ഒപ്പ് |
| 9 | ടോം തോമസ് KSSIA | ഒപ്പ് |

യോഗം 2.30 പി.എം ന് ആരംഭിച്ചു.

നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും അന്താരാഷ്ട്ര വിപണി ഉറപ്പാക്കുന്നതിനായി ഓരോ ജില്ലയും ഓരോ കയറ്റുമതി കേന്ദ്രമാക്കി മാറ്റുന്നതിനായാണ് കേരള സർക്കാർ, ജില്ലാതല കയറ്റുമതി പ്രോൽസാഹനസമിതികൾ (DLEPC) രൂപീകരിച്ചിരിക്കുന്നതെന്ന് ജില്ലാ വ്യവസായ കേന്ദ്രം, മാനേജർ(ഇ.ഐ) ആമുഖമായി സംസാരിച്ചു. ഓരോ ജില്ലയും ഓരോ Export Hub ആക്കി മാറ്റുകയെന്നതാണ് കമ്മറ്റിയുടെ ലക്ഷ്യമെന്നും ആയതിലേയ്ക്ക് ഓരോ ജില്ലയിലേയ്ക്കും തിരഞ്ഞെടുത്തിരിക്കുന്ന ODOP

ഉൽപ്പന്നത്തിന്റേയും ഉൽപ്പാദനം 5 വർഷത്തിനുള്ളിൽ 2 മടങ്ങ് ആക്കുകയെന്നുമാണ് ലക്ഷ്യമെന്നും അറിയിച്ചു.

എറണാകുളം ജില്ലയുടെ ODOP ഉൽപ്പന്നമായ Oleoresin സംബന്ധിച്ചാണ് ചർച്ച ആരംഭിച്ചത്. പ്രസ്തുത ഉൽപ്പന്നത്തിന് വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ഡിമാന്റ് അധികമാണെങ്കിലും Raw materials – ന്റെ ലഭ്യത കുറവായതിനാലാണ് ആഗോള തലത്തിലുള്ള ആവശ്യകത meet ചെയ്യാൻ സാധിക്കാത്തതെന്ന് KSSIA സെക്രട്ടറി അഭിപ്രായപ്പെട്ടു. കാർഷിക മേഖല ദുർബലമായതിനാലാണ് Raw materials – ന്റെ ലഭ്യത കുറവ് അനുഭവപ്പെടുന്നതെന്നും Agricultural Sector കൂടുതൽ പുരോഗതി കൈവരിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും വിലയിരുത്തി. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ പലരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മറ്റുമാണ് Raw materials ലഭ്യമാക്കുന്നത്. ആയത് ഉൽപ്പന്നത്തിന്റെ വിലയേയും നിലവാരത്തേയും സാരമായി ബാധിക്കുന്നു. കേരളത്തിലെ GI Tagged ആയിട്ടുള്ള തനത് ഉൽപ്പന്നങ്ങൾ promote ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് FIEO പ്രതിനിധി അഭിപ്രായപ്പെട്ടു. എന്നാൽ സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന സംസ്കരണ പ്രവർത്തികൾ കാലാവസ്ഥയെ അടിസ്ഥാനമാക്കിയുള്ളതിനാൽ കൂടുതൽ ശീതീകരിച്ച സ്റ്റോറേജ് സൗകര്യങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു.

ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിച്ച് Export ത്വരിതപ്പെടുത്തുന്നതിനായി NABL Accredited Lab Facilities അനിവാര്യമാണെന്ന് KSSIA അഭിപ്രായപ്പെട്ടു. അതിനായി NABL Accredited Lab Facilities സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി വരേണ്ടതുണ്ട്. നമ്മുടെ ജില്ലയിൽ അപ്രകാരം കുറഞ്ഞത് ഒരു ലാബ് സൗകര്യമെങ്കിലും വന്നാൽ പ്രൈവറ്റ് ഏജൻസികളെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാവുന്നതാണെന്ന് യോഗം വിലയിരുത്തി.

Exporter's നുള്ള ഗവൺമെന്റ് പോളിസികൾ പലതും കയറ്റുമതി മേഖലയെ സാരമായി ബാധിക്കുന്നു. ഉദാഹരണമായി പാലക്കാടൻ മട്ട അരിയുടെ നിരോധനം പിൻവലിച്ചെങ്കിലും ആയതിന്റെ ഉപഉൽപ്പന്നങ്ങളായ പൊടി അരി, റവ, മൈദ എന്നിവയുടെ നിരോധനം പിൻവലിച്ചിട്ടില്ലായെന്നും KSSIA പ്രതിനിധി ചൂണ്ടിക്കാണിച്ചു.

എല്ലാ ജില്ലകളിലും Export Hub കൾ കൊണ്ടു വരേണ്ടതും E-commerce ന് പ്രാധാന്യം കൊടുക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് DGFT പ്രതിനിധി അറിയിച്ചു. എക്സ്പോർട്ട് മേഘലയിൽ പ്രവർത്തിക്കുന്നവർക്ക് ട്രെയ്നിംഗ് കൊടുക്കുവാനുള്ള സൗകര്യം ഒരുക്കാമെന്ന് DGFT പ്രതിനിധി അറിയിച്ചു.

KINFRA പോലുള്ള ഇൻഡസ്ട്രിയൽ പാർക്കുകളിൽ MSE-CDP പുതിയ ID പദ്ധതിയിൽ ഉൾപ്പെടുത്തി testing lab കളും മറ്റും വന്നാൽ ആയതിലേയ്ക്ക് 60 ശതമാനം central contribution ഉം 40 ശതമാനം state contribution ഉം നൽകാൻ കഴിയുമെന്ന് MSME DI പ്രതിനിധി അറിയിച്ചു.

Raw Materials - ന്റെ ലഭ്യതയും testing & storage സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയെന്നതുമാണ് പ്രാഥമികമായി ചെയ്യാനുള്ളതെന്ന് യോഗം വിലയിരുത്തി.

യോഗം .3.30 പി.എം.ന് സമാപിച്ചു.

സിൻസിമോൾ ആന്റണി.കെ.
മാനേജർ(ഇ.ഐ)
(ജനറൽ മാനേജർക്കുവേണ്ടി)

വിനോദ് രാജ്
എ.ഡി.എം
ചെയർമാൻ(ജില്ലാ കളക്ടർക്കു വേണ്ടി

ജില്ലാ കളക്ടറുടെ കാര്യാലയം Office of the District Collector ★ Ernakulam ★ എറണാകുളം